മി. സ്പീക്കർ : ഇവിടെ ഹാജരാക്കിയിട്ടുള്ള അടിയന്തിര പ്രമേയം ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിനുശേഷം പ്രഥമ ദൃഷ്ടിയിൽ സ്വീകാര്യമാണെന്നാണ് വിചാരിക്കുന്നത്. ആക്കേങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതിനെക്കുറിച്ചു പറഞ്ഞാൽ അതനുസരിച്ചുള്ള നടപടികളും നടത്താവുന്നതാണ്.

ശ്രീ. സി. സി. പ്രസാദ് : ബഹുമാനപ്പെട്ട സ്പീക്കരുടെ ദൃഷ്ടിയിൽ ഇതു് ഒരടിയന്തിരകാര്യമാണെന്നു തോന്നുന്നുണ്ടോ ?

മി. സ്പീക്കർ : പ്രഥമദൃഷ്ടിയിൽ സ്വീകാര്യമാണെന്നു തോന്നിയാൽ ഈ സഭക്കു് ആക്ഷേപമില്ലെങ്കിൽ അതു ചർച്ചക്കെടുക്കാവുന്നതാണ്. ആക്ഷേപമുണ്ടെങ്കിൽ ൬൫ പേർ അതിനനുകൂലിച്ചു വോട്ടുചെയ്യാൽ മാത്രമെ ചർച്ചക്കനുവദിക്കാവുള്ളൂ. സഭക്കെതിരില്ലെങ്കിൽ ഇതു് വോട്ടിനിടേണ്ട ആവശ്യമില്ല. ഈ സഭയിൽ ആരും ഇതിനെ എതിർക്കുന്നില്ലാത്തതുകൊണ്ടു് ഇതു സ്വീകരിക്കത്തക്കതാണെന്നു വിചാരിക്കുന്നു. അതുകൊണ്ടു് ഇന്നു നാലുമണിക്കു്, അല്ലെങ്കിൽ അതിനുമുമ്പു സഭയുടെ മറ്റു നടപടികളും തീരുന്നപക്ഷം ആ സമയത്തു് ഇതു് ആലോചനയ്ക്കെടുക്കുന്നതായിരിക്കും.

The House rose for lunch at 12-30 p.m. and reassembled at 2-30 p.m. with Mr. Speaker in the Chair.

Election of six members each to (1) Committee on Estimate (2) Committee on Public Accounts and (3) Standing Finance Committee

Mr. Speaker : Order, order. The election of six members each to the three Committees may take some time. I think, therefore, we may with advantage take up that business before we proceed further with the Prevention of Corruption Bill. If this is not going to take much time, I have no objection to go on with the Bill.

Sri. A. Thanu Pillai : Either course will be equally good.

Mr. Speaker : Election must necessarily take place to-day. Three ballot-boxes are here. The arrangement is that the honourable members will proceed to the Speaker's dais. The Ballot papers will be handed over one after the other. After each honourable member finishes voting in respect of one Committee, the ballot paper in respect of the next Committee, will be handed over to him. I hope there is no objection to the clerk being here. The names of hon'ble members will be now called.

Ballotting proceeded.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, വോട്ടിംഗിനുവേണ്ടി മുറയ്ക്കു് പേരുവിളിച്ചപ്പോൾ ഹാജരില്ലാതിരുന്ന എതാനും ബഹു. മെമ്പർന്മാർ ഇപ്പോൾ ഹാജരായിട്ടുണ്ടു്. ഞാനും കൂട്ടത്തിൽ ഉൾപ്പെട്ടുന്നു. അതുകൊണ്ടു് ഞങ്ങളെകൂടി വോട്ടിങ്ങിൽ പങ്കെടുക്കാൻ അനുവദിക്കണമെന്നു് അപേക്ഷിക്കുന്നു.

Mr. Speaker : If the House has no objection, I have no hesitation in allowing it. But on the last two occasions, that was not allowed. ഏതെങ്കിലും ബഹുമാനപ്പെട്ട മെമ്പർക്കു അതിനെപ്പറ്റി അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ പറയാവുന്നതാണ്.

Sri. Ittiera Ambooken : Sir, I object to that.

Mr. Speaker : So, permission asked for is not allowed.

Now, all the members who were present have voted. I propose to have the ballot boxes sealed. They will be opened and the votes counted after the adjournment motion is disposed of and also the Bill. I shall now take up the adjournment motion.

Sri. Itteira Ambooken : Sir, before that, I have to bring to your notice another matter. ഞാൻ വോട്ടുചെയ്തതിനുശേഷം വെളിയിൽപോയിരുന്നു. തിരിച്ചുവന്നപ്പോൾ എന്റെ മേശപ്പുറത്തു ഒരു എഴുത്തു ഇരിക്കുന്നതായി കണ്ടു.

Sir, it is something connected with the present election. I shall read it.

Mr. Speaker : What is the subject ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടീര അമ്പൂക്കൻ: "നിങ്ങടെ ഡെമാക്രേറിക് സോഷ്യലിസ്റ്റ് പാർട്ടിയിലെ അംഗങ്ങളായ മി. ശ്രീധറിനും, മി. നടരാജപിള്ളക്കും, മി. എ.കെ. പാപ്പുപിള്ളക്കുംവേണ്ടി വോട്ട കൊടുക്കണം എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്".

Mr. Speaker: Does the Hon'ble Member know the source of it?

Sri. Ittiera Ambooken: I do not know, അത് എനിക്ക അറിയാൻപാടില്ലാത്തതുകൊണ്ടാണ് ഞാൻ പറയുന്നത്. Sir, because it is a cyclostyled paper, I thought it might have some connection with the work here.

Mr. Speaker: No, it need not and cannot be read here. Now, we shall go on with the adjournment motion.

Adjournment motion regarding price of rice got down from Uttar Pradesh, etc.

Sri. K. M. Korah: "I beg leave to move for an adjurnment of the business of the House for discussing a definite matter of urgent public importance, namely, the price fixed by the Government of India for rice from 'Uttar Pradesh' of which large quantity has been allotted to this State, and the grave financial disequilibrium that will be caused to the finances of the State and the people."

സർ, അതിപ്രധാനമായ ഈ വിഷയം അതർഹിക്കുന്ന ഗൗരവത്തോടുകൂടി ഈ സഭ ശ്രദ്ധിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നു. തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനം ക്ഷേണസാധനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വൈഷമ്യമേറിയ ഒരു നിലയിലാണ് സ്ഥിതിചെയ്യുന്നതു എന്നുള്ള വിവരം ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാർക്കും അറിവുള്ളതാണ്. നമുക്ക്, അതായതു് കൊച്ചി-തിരുവിതാംകൂർ ജനതയ്ക്ക് ഒരു ദിവസത്തേക്ക് ൫,൦൦൦ ടൺ അരി ആവശ്യമാണ്. ആ കണക്കുവച്ചു നോക്കുന്നപക്ഷം തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിലേക്ക് ആവശ്യമായ .....

ശ്രീ. ടി. കെ. നാരായണപിള്ള: സർ, ൫,൦൦൦ ടൺ അരി ആവശ്യമുള്ളതു് ഒരു ദിവസത്തേയ്ക്കല്ല, ഒരു മാസത്തേയ്ക്കാണ്.

ശ്രീ. കെ. എം. കോര: അതെ, ഒരു മാസത്തേയ്ക്കാണ്. സർ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ആകെ വിളയുന്ന നെല്ലിന്റെ ശരാശരി കണക്കെടുത്തു നോക്കുന്നപക്ഷം ഒരാണ്ടിൽ ൫ മാസത്തേയ്ക്കുള്ള അരിയുടെ നെല്ല മാത്രമെ വിളയുന്നുള്ളു. അങ്ങനെയാണെങ്കിൽ ബാക്കിയുള്ള ൭പത്തു മാസത്തേക്ക് ആഹാരസാധനത്തിനുവേണ്ടി നാം അന്യരാജ്യങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ ൭പത്തു മാസത്തേയ്ക്കു് നമുക്ക ആവശ്യമായിട്ടുള്ളതു് ഏകദേശം ൨,൭൦,൦൦൦ ടൺ അരിയാണ്. അതായതു് ഒരു ദിവസത്തേയ്ക്ക് ൭,൫൰൦ ചാക്ക് അരിയുടെ കണക്കനുസരിച്ചാണ് ഈ സംഖ്യ വരുന്നതു്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി മുമ്പു സൂചിപ്പിച്ചുപോലെ ഉത്തരപ്രദേശത്തുനിന്നും കിട്ടിക്കൊണ്ടിരിക്കുന്ന അരി ഉപയോഗശൂന്യമാണ്. അത്തരം ഉപയോഗശൂന്യമായ അരിയാണ് നാം അമിതമായ വിലകൊടുത്തു വാങ്ങിക്കുന്നതു്. ഒരു ദിവസത്തേക്ക് നമുക്കാവശ്യമുള്ള ൭,൫൦൦ ചാക്കരിക്ക് ഏകദേശം ൬,൦൦,൦൦൦ രൂപയോളം നഷ്ടപ്പെട്ടുകൊണ്ടാണിരിക്കുന്നതു്. ആ കണക്കുവച്ചു നോക്കുകയാണെങ്കിൽ ൭പത്തു മാസത്തേയ്ക്കുവേണ്ടി ഉപയോഗശൂന്യമായ അരി വാങ്ങുന്നതിലേക്കു ഏകദേശം ൫ കോടി രൂപയാണ് നാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു്. അവിടെനിന്നും വാങ്ങുന്ന അരി നല്ലതല്ലെന്നു മാത്രവുമല്ല അതു മൂന്നാംതരം അരിയുമാണ്. ഉപയോഗശൂന്യമായ ഇത്തരം അരിയുടെ വിതരണകാര്യത്തെപ്പറ്റി ഇൻഡ്യൻ പാർലിമെന്റിൽ അതുസംബന്ധിച്ചുണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളും ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിവുള്ളതായിരിക്കും. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായപ്രകാരം ഒരു ചാക്കിൽ രണ്ടു മാണ്ടു് അരിയാണെന്നു ഞാനും സമ്മതിക്കുന്നു. ഒന്നാംതരം അരിക്ക് ൨൨ രൂപ വില നിശ്ചയിച്ചിരിക്കുന്നുവെന്നും അതു് ഇവിടെ വരുന്ന അവസരത്തിൽ ചാക്കൊന്നിനു് ൧൦ രൂപ വരെ വിലവരുന്നുവെന്നും പറയുന്നു. സർ, ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. ഇൻഡ്യൻ യൂണിയനിൽ നാം ചേർന്നതുകൊണ്ടു നമുക്കു മുമ്പുണ്ടായിരുന്നതിനേക്കാൾ എത്ര മേന്മയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly